"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ വാടക കുടിശ്ശിക നിവാരണ അദാലത്ത് സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭവനനിർമ്മാണ(എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2025/HSG തീയതി,തിരുവനന്തപുരം, 19-02-2025

പരാമർശം:- 1. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 15.11.2024 ലെ KSHB-HO/427/2024-R1-RENT നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ചുമത്തിയിട്ടുള്ള വാടക ഒടുക്കുന്നതിലേയ്ക്കായി എല്ലാ മാസവും ഇൻവോയ്സ് കൃത്യമായി നൽകാറുണ്ടെങ്കിലും ഭൂരിഭാഗം വാടകക്കാരും സമയബന്ധിതമായി വാടക ഒടുക്കാറില്ലെന്നും 30.09.2024 ലെ കണക്കനുസരിച്ച് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 17.47 കോടി രൂപയും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും 11.32 കോടി രൂപയും വാടക ഇനത്തിൽ ബോർഡിന് ലഭിക്കുവാനുണ്ടെന്നും സമയ പരിധിക്കുള്ളിൽ വാടക ഒടുക്കാത്ത പക്ഷം 8% പലിശ ഉൾപ്പെടെയാണ് കുടിശ്ശികക്കാർ വാടക ഒടുക്കേണ്ടതെന്നും കുടിശ്ശികക്കാരുടെ അഭ്യർത്ഥന പരിഗണിച്ച്, പലർക്കും പലിശ ഉൾപ്പെടെയുള്ള കുടിശ്ശിക തുക ഗഡുക്കളായി അടക്കുന്നതിന് അനുവാദം നൽകാറുണ്ടെങ്കിലും ആയത് പ്രകാരം പലരും കൃത്യമായി തുക ഒടുക്കാറില്ലെന്നും ആയതുമൂലം ബോർഡിന് ഭീമമായ തുക വാടകയിനത്തിൽ ലഭിക്കാനുണ്ടെന്നും വാടക തുക പിരിച്ചെടുക്കുന്നതിന് പലിശയിൽ സാധ്യമായ ഇളവുകൾ നൽകി അദാലത്ത് നടത്തുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ ചുവടെ ചേർക്കും പ്രകാരം പലിശയിൽ സാധ്യമായ ഇളവുകൾ നൽകി വാടക അദാലത്ത് നടത്തുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശ കത്ത് പ്രകാരം ബോർഡ് സെക്രട്ടറി സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

| ക്രമ നമ്പർ | ഓപ്ഷൻ | കാലാവധി | റെന്റ് ഇളവ് | പലിശ ഇളവ് | മറ്റുള്ളവയിലെ ഇളവ് |
|---|---|---|---|---|---|
| 1 | Diamond | 01-45 Days | ഇല്ല | 75% | ഇല്ല |
| 2 | Gold | 46-90 Days | ഇല്ല | 50% | ഇല്ല |
| 3 | Silver | 91-135 Days | ഇല്ല | 30% | ഇല്ല |
| 4 | Bronze | 136-180 Days | ഇല്ല | 20% | ഇല്ല |

- ഓരോ ജില്ലയിലെയും അദാലത്ത് സംഘടിപ്പിക്കുന്ന ദിവസം മുതൽ 180 ദിവസംവരെയാണ് അദാലത്ത് ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നത്.
- വാടക കുടിശ്ശികക്കാർക്ക് മുകളിലെ 4 ഓപ്ഷനുകളിൽ നിന്നും അവരവർക്ക് അനുയോജ്യമായവ തിരഞ്ഞെടുക്കാവുന്നതാണ്. തിരഞ്ഞെടുക്കുന്ന ഓപ്ഷനുകളിൽ

പറഞ്ഞിരിക്കുന്ന സമയപരിധിയ്ക്കുള്ളിൽ കുടിശ്ശിക തുക പൂർണ്ണമായും അടയ്ക്കാത്ത പക്ഷം ടി ഓപ്ഷനിലെ ആനുകൂല്യം നഷ്ടപ്പെടുന്നതാണ്.

- തിരഞ്ഞെടുത്ത സമയപരിധിയ്ക്കുള്ളിൽ തവണ പരിധി ഇല്ലാതെ കുടിശ്ശിക തുക അടയ്ക്കാവുന്നതാണ്.
- വാടക കുടിശ്ശികക്കാർക്ക് ഒരിക്കൽ സെലക്ട് ചെയ്ത ഓപ്ഷൻ മാറ്റുന്നതിന് അവസരമുണ്ടാകുന്നതാണ്. എന്നാൽ പുതുതായി സെലക്ട് ചെയ്യുന്ന ഓപ്ഷനിലെ ആനുകൂല്യം മാത്രമാകും ടി അവസരത്തിൽ ലഭിക്കുന്നത്. (ആദ്യ ഓപ്ഷനിൽ പാർട്ട് പേയ്മെന്റ് നടത്തിയിട്ടുണ്ടെങ്കിൽ പോലും ടി തുകയ്ക്ക് ആദ്യ ഓപ്ഷനിലെ ആനുകൂല്യം ലഭിക്കുന്നതല്ല)
- വാടക കുടിശ്ശികക്കാർ ഓപ്ഷൻ സെലക്ട് ചെയ്ത ശേഷം പാർട്ട് പേയ്മെന്റ് മാത്രം അടയ്ക്കുന്ന അവസരത്തിൽ അദാലത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.
- അദാലത്തിൽ പങ്കെടുത്ത് കുടിശ്ശിക ഒടുക്കുവാൻ സമ്മതപത്രം നൽകുന്നവർക്ക് അദാലത്ത് തീയതി പ്രാബല്യത്തിൽ കണക്കുകൾ സെറ്റിൽ ചെയ്ത് തുടർ പലിശ ഒഴിവാക്കാവുന്നതാണ്. എന്നാൽ കുടിശ്ശിക തീർപ്പാക്കാൻ അനുവദിച്ച തീയതിയ്ക്കുള്ളിൽ കുടിശ്ശിക സെറ്റിൽ ചെയ്യാത്ത പക്ഷം അദാലത്ത് ആനുകൂല്യം നഷ്ടപ്പെടുന്നതും മുൻകാല പ്രാബല്യത്തോടെ പലിശ ഈടാക്കുന്നതുമാണ്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബോർഡ് കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സർക്കാരേതര സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവരിൽ നിന്നും ഭീമമായ വാടക കുടിശ്ശികയാണ് ഈടാക്കേണ്ടതായിട്ടുള്ളത്. ഓരോ ഡിവിഷൻ തലത്തിലും യഥാസമയം വാടക പിരിച്ചെടുക്കുന്നതിലുണ്ടാകുന്ന വീഴ്ചയുടെ ഉത്തരവാദിത്തം അതത് റവന്യൂ വിഭാഗ ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കും എന്ന വ്യവസ്ഥയിലും മേൽ പരാമർശിത വ്യവസ്ഥകൾ പ്രകാരം പലിശയിൽ ഇളവ് വരുത്തി അദാലത്ത് നടത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ യാതൊരു ബാദ്ധ്യതയും ഏറ്റെടുക്കില്ല എന്ന വ്യവസ്ഥയിലും വാടക കുടിശ്ശിക നിവാരണ അദാലത്ത് നടത്തുന്നതിന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഗേഷ്.ഡി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.(PU-C3/187/2024-FIN dated:29.01.2025)
സംസ്ഥാന ആഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
സെക്ഷൻ ഓഫീസർ
Krishnakumar S
Date: 20-02-2025 14:09:37